**ഗൾഫ് രാജ്യങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ള വിമാനയാത്രാക്കൂലി**

53 (809) ശ്രീമതി മേഴ്സി രവി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽനിന്നും തിരുവനന്തപുരം, നെടുമ്പാശ്ശേരി, കരിപ്പൂർ വിമാനത്താവളങ്ങളിലേയ്ക്കുള്ള വിമാന യാത്രാക്കൂലി എത്രവീതമാണ് ;

(ബി) പ്രസ്തുത രാജ്യങ്ങളിൽനിന്നും മുംബൈ, ഡൽഹി, കൊൽക്കത്ത ചെന്നൈ എന്നീ സ്ഥലങ്ങളിലേക്കുള്ള യാത്രക്കൂലി എത്രവീതമാണ് ;

(സി) കേരളത്തിലെ വിമാനത്താവളങ്ങളിലേയ്ക്കുള്ള വിമാനയാത്രാക്കൂലി കൂട്ടുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഇത് കുറച്ചുകിട്ടുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 36,973 രൂപ (ദുബായിൽ നിന്നുള്ള എയർ ഇന്ത്യാ നിരക്ക്.)

(ബി) യഥാക്രമം 26,558, 26,558, 31,118, 37,628 രൂപാ വീതമാണ്.

(സി) ഏവിയേഷൻ ടർബൈൻ ഫ്യൂവലിന് സംസ്ഥാനത്ത് നിലവിലുള്ള ഉയർന്നവിലയാണ് കേരളത്തിലേയ്ക്കുള്ള വിമാനയാത്രാക്കൂലി കൂടുതലാകാനുള്ള കാരണമെന്ന് ബന്ധപ്പെട്ടവർ അഭിപ്രായപ്പെടുന്നുണ്ട്.

(ഡി) കേന്ദ്ര വ്യോമയാനമന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 2002 ആഗസ്റ്റ് മാസം മുതൽ കുവൈറ്റ്, ഷാർജ, മസ്കറ്റ് എന്നിവിടങ്ങളിൽ നിന്നും കൊച്ചിയിലേയ്ക്കും കോഴിക്കോട്ടേയ്ക്കുമുള്ള ഇന്ത്യാൻ എയർലൈൻസ് നിരക്കുകളിൽ 5% മുതൽ 29% വരെ കുറവ് വരുത്തിയിട്ടുണ്ട്.

**അന്തർ സംസ്ഥാന നദി സംയോജന പദ്ധതി**

54 (810) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. ബിനോയ്വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തുടർന്നുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly